## വനത്തിനുള്ളിലെ കഞ്ചാവ് കൃഷി

16 (777) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനത്തിനുള്ളിൽ എവിടെയെല്ലാം കഞ്ചാവുകൃഷി നടത്തിവരുന്നു ;

(ബി) കഞ്ചാവ് കൃഷിയെപ്പറ്റി വിവരം ലഭിച്ചാൽ വനംവകുപ്പ് സ്വീകരിക്കുന്ന നടപടികളെന്തെല്ലാം ;

(സി) അട്ടപ്പാടി വനത്തിൽ എവിടെയെല്ലാം കഞ്ചാവുകൃഷി നടത്തി വരുന്നതായി അറിവുണ്ട് ;

(ഡി) ഈ കൃഷി നശിപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വനത്തിനുള്ളിൽ കഞ്ചാവു കൃഷി നടത്തി വരുന്നില്ല. വനത്തിനുള്ളിലെ കഞ്ചാവു കൃഷിയെപ്പറ്റി വിവരം ലഭിച്ചാൽ വനസംരക്ഷണസേന, ഫ്ളയിംഗ് സ്കാഡ് എന്നിവ സംയുക്തമായി റെയിഡുകൾ നടത്തി കഞ്ചാവു കൃഷി നശിപ്പിക്കുകയും കുറ്റകൃത്യങ്ങൾക്ക് ഫോറസ്റ്റ് ആക്ട് പ്രകാരം കേസ് ചാർജ് ചെയ്യുകയും തുടർന്ന് നർക്കോട്ടിക് ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നതിന് പോലീസ് അധികൃതർക്ക് കേസ് കൈമാറ്റം ചെയ്യുകയും ചെയ്യുന്നു.

(സി&ഡി) അട്ടപ്പാടി ഫോറസ്റ്റ് റെയിഞ്ചിൽ പൊടുർ സ്റ്റേഷനിൽ 2.6 ഏക്കറിൽ കഞ്ചാവു കൃഷി കണ്ടെത്തി നശിപ്പിച്ചിട്ടുണ്ട്.

## കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേയ്ക്കുള്ള നിയമനം

17 (778) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ് -2 തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി പി.എസ്.സി റാങ്കുലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) മേൽപ്പറഞ്ഞ സ്ഥാപനത്തിൽ അസിസ്റ്റന്റ് ഗ്രേഡ് -2 ന്റെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) എത്രപേർ ഇതേ തസ്തികയിൽ ഈ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) റാങ്ക് ലിസ്റ്റ് നിലവിലിരിക്കേ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താതെ ഡെപ്യൂട്ടേഷൻ വഴി നിയമനം നൽകിയ നടപടി റദ്ദുചെയ്യുമോ ;

(എഫ്) ഒഴിവുള്ള തസ്തികകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഉടനെ നിയമനം നടത്തുന്നതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1998 ഒക്ടോബറിൽ.

(ബി) 12 പേർക്ക്

(സി) കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ വിവിധ തസ്തികകൾക്ക് സർക്കാർ അംഗീകരിച്ച സംഖ്യാബലം നിലവിലില്ല. കാലാകാലങ്ങളിലെ ആവശ്യാനുസരണം, ഡയറക്ടർ ബോർഡ് ഓരോ വർഷവും തീരുമാനിക്കുന്നതാണ്. അതാതുവർഷത്തെ സംഖ്യാ ബലം മാർച്ച് 2000 ലെ 115-ാം ഡയറക്ടർ ബോർഡ് മീറ്റിംഗിലെ തീരുമാനപ്രകാരം ഓഫീസ് അസിസ്റ്റന്റ് - 2 തസ്തികയിൽ 8 ഒഴിവുകളുണ്ട്. എന്നാൽ, 118-ാം ഡയറക്ടർ ബോർഡ് മീറ്റിംഗ് കോർപ്പറേഷന്റെ മോശമായ സാമ്പത്തിക സ്ഥിതി പരിഗണിക്കുകയും ഇനിയൊരു തീരുമാനം ഉണ്ടാകുന്നതുവരെ നേരിട്ട് നിയമനം നടത്താവുന്ന ഒരു തസ്തികയിലും പുതിയ നിയമനം നടത്തേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

(ഡി) മൂന്നുപേർ ജോലി ചെയ്യുന്നുണ്ട്.

(ഇ) ഡപ്യൂട്ടേഷൻ കാലാവധിതീരുന്ന മുറയ്ക്ക് തിരിച്ചയയ്ക്കുന്ന കാര്യം ഡയറക്ടർ ബോർഡിന്റെ പരിശോധനയ്ക്ക് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു.

(എഫ്) കമ്പനിയുടെ മോശമായ സാമ്പത്തിക സ്ഥിതി പരിഗണിച്ച് 118 -ാമത് ഡയറക്ടർ ബോർഡ് മീറ്റിംഗിൽ ഇനിയൊരു തീരുമാനമുണ്ടാകുന്നതുവരെ നേരിട്ട് നിയമനം നടത്താവുന്ന ഒരു തസ്തികയിലും പുതിയ നിയമനം നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

## ഫോറസ്റ്റ് ഗാർഡുകളുടെ തസ്തികകൾ

**18 (779)** ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എത്ര ഫോറസ്റ്റു ഗാർഡുകളുടെ തസ്തികകൾ സൃഷ്ടിച്ചു ;

(ബി) പുതിയ തസ്തികകളുൾപ്പെടെ നിലവിൽ എത്ര ഫോറസ്റ്റ് ഗാർഡുമാരുടെ ഒഴിവുകളുണ്ട് ;

(സി) ഇതിനുവേണ്ടി കെ. പി. എസ്. സി. തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ നിയമിച്ചു കഴിഞ്ഞു ;

LIBRARY ARCHIVES Kerala Legislative Assembly